റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പഞ്ചായത്ത് വില്ലേജ് പുനഃസംഘടനയ്ക്ക് ഒരു കമ്മീഷനെ ഗവൺമെന്റ് നിശ്ചയിക്കുന്നതാണ്. ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) ഇടപ്പള്ളി റെയിൽവേ ഓവർ ബ്രിഡ്ജിന്റേയും വരാപ്പുഴ ഇടപ്പള്ളി റോഡിന്റേയും നിർമ്മാണം

ശ്രീ. കെ. ബാബു: സർ, റീ-ഇംപേഴ്സ്മെന്റ് സമ്പ്രദായം നിർത്തലാക്കി ഡയറക്ട് പേമെന്റ് സമ്പ്രദായം ലാന്റ് അക്വസിഷൻ നാഷണൽ ഹൈവേയിൽ കൊണ്ടുവന്നിരിക്കുകയാണ്. ഇത് മറ്റു സംസ്ഥാനങ്ങളിലുണ്ടെങ്കിലും കേരളത്തിനെ ഇത് പ്രതികൂലമായി ബാധിക്കും. ഇത് വരാപ്പുഴ മുതൽ ഇടപ്പള്ളി വരെയുള്ള റോഡിന്റേയും ആർ.ഒ.ബി-യുടേയും നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഡയറക്ട് പേമെന്റ് പ്രൊസീഡുവർ മാറ്റിക്കിട്ടാൻ വേണ്ടിയുള്ള ശ്രമം കേന്ദ്രത്തിൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇടപ്പള്ളിയുടെ കാര്യത്തിൽ ലാന്റ് വാല്യൂ കൂടിയതിനാൽ ലാന്റ് അക്വിസിഷൻ റിവൈസ്ഡ് എസ്റ്റിമേറ്റ് 2-8-2003-ൽ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇടപ്പള്ളി ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അറേഞ്ച്മെന്റ് റെയിൽവേ തുടങ്ങിക്കഴിഞ്ഞു. സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പൂർത്തിയാക്കാൻ തീവ്രശ്രമം നടത്തും.

(10) പട്ടികജാതി കുടുംബങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് നേരിട്ട് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി

ശ്രീ. വി. കെ. ചന്ദ്രൻ: സർ, കേരളത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് പട്ടികജാതി വകുപ്പ് നേരിട്ട് കോർപ്പസ് ഫണ്ടിൽനിന്ന് വീട് നിർമ്മിച്ചുനൽകിയിരുന്നു. ഇതിൽ പല വീടുകളും വിവിധ ഘട്ട നിർമ്മാണ പ്രവർത്തനത്തിലാണ്. ഡിപ്പാർട്ട്മെന്റ് പണം കൊടുക്കാത്തതുകൊണ്ട് പല വീടുകളും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ മഴയിൽ പല വീടുകളും തകർന്നുകഴിഞ്ഞിരിക്കുന്നു. അവരുടെ പ്രയാസം കണക്കിലെടുത്ത് അടിയന്തിരമായി പണം നൽകാനുള്ള നടപടി സ്വീകരിക്കണം.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പ്രാമുഖ്യം നൽകിയ ഒരു പദ്ധതിയാണ് ഭവന നിർമ്മാണം. നേരത്തെ 35,000 രൂപയായിരുന്നു ഗ്രാന്റ്. അത് 70,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം അനുവദിച്ച വീടുകളുടെപണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കുറേയേറെ വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന വീടുകളുടെ ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

പണം നൽകുന്നതിന് ഏതാണ്ട് 38 കോടി രൂപയാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത്രയും തുക കൂടുതൽ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കഴിയുന്നത്ര വേഗം പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനും ഗുണഭോക്താക്കളുടെ ബുദ്ധിമുട്ട് പരിഹരിക്കാനും സർക്കാർ ശ്രമിക്കുന്നതാണ്.

(11) മാവേലിക്കര വൈദ്യുതി വിതരണ മേഖലയിലെ പ്രതിസന്ധി

ശ്രീ. എം. മുരളി: സർ, പള്ളിവാസലിന്റെ കാലത്തെ വൈദ്യുതി വിതരണ മേഖലയാണ് എന്റെ നിയോജകമണ്ഡലമായ മാവേലിക്കര. മാവേലിക്കര ടൗണിലും പരിസര പ്രദേശങ്ങളിലുമുള്ള ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന രൂക്ഷമായ വൈദ്യുതി പ്രശ്നത്തിന് പരിഹാരം ഉണ്ടാകണം. ആക്സിലറേറ്റഡ് പവർ ഡെവലപ്പ്മെന്റ് റിഫോംസ് പ്രോഗ്രാം എന്ന സ്കീം തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അടിയന്തിരമായി അതിന് ഭരണാനുമതി നൽകുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം പുതിയ സ്കീം ഉണ്ടാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. 3.95 കോടി രൂപയുടെ ആ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അത് കിട്ടിയാലുടൻ നടപ്പാക്കുന്നതാണ്. അപ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും.

(12) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, അംഗൻവാടി ജീവനക്കാർക്ക് നിലവിലുള്ള ക്ഷേമനിധിയുടെ നാമമാത്രമായ ആനുകൂല്യങ്ങൾ മാത്രമാണ് ലഭിക്കുന്നത്. 3 വർഷമായി അവർക്ക് ഈ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. അതിന് അടിയന്തിര പരിഹാര മുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ജീവനക്കാരുടെ പ്രതിനിധികളെക്കൂടി അംഗൻവാടി ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. നിലവിലുള്ള പദ്ധതി പരിശോധനയ്ക്ക് വിധേയമാക്കി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇപ്പോൾതന്നെ അവർക്ക് വിവിധ സ്കീമുകൾ ഉണ്ട്. അതിന്റെ ഘടനാമാറ്റം കുറച്ചു കൂടി മെച്ചപ്പെടുത്തുന്ന രീതിയിലാക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. സഹായ പദ്ധതികളെക്കുറിച്ച് അവരുമായി ചർച്ച ചെയ്യുന്നതിന് വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly